# HAPPY BIRTHDAY




Juana D/o Jaise George | Rainu D/o Robin Abraham | Johan S/o John Philippose | Lena D/o Joji Thomas | Christal D/o Emil Sudhagar



Aksa D/o Binu K. Mathew | Merin D/o James George

**സൺഡേസ്കൂൾ ക്യാമ്പ് :** ഇടവകയുടെ സൺഡേസ്കൂളിന്റെ നേതൃത്വത്തിൽ അഞ്ചാം ക്ലാസ്സിന് മുകളിലുള്ള കുട്ടികൾക്ക് വേണ്ടി ദ്വിദിന വ്യക്തിത്വ വികസനക്യാമ്പ് സെപ്റ്റംബർ 10, 11 തീയതികളിൽ വഫ്രയിൽ നടത്തപ്പെടുന്നു. ഇതിന്റെ വിജയത്തിനു വേണ്ടി എല്ലാവരും പ്രാർത്ഥിക്കുകയും ഇതിന് യോഗ്യരായ കുട്ടികളെ പ്രോൽസാഹിപ്പിക്കുകയും വേണം.




**EBIN BABY & PREETHI**

Vol. 3, Issue :9 | Parish Bulletin | September 2016

**Stephanian**

St. Stephens Indian Orthodox Church Kuwait




കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ !

സെപ്റ്റംബർ മാസം അനേക പ്രാധാന്യങ്ങളാൽ നിറഞ്ഞതാണല്ലോ. നമ്മുടെ കർത്താവിന്റെ അമ്മ പരി. കന്യകമറിയാമിന്റെ ജനനം (സെപ്റ്റംബർ 8), നമ്മുടെ കർത്താവിനെ ക്രൂശിൽ തറച്ച കുരിശ് കണ്ടെടുത്ത ദിവസം (സെപ്റ്റംബർ 14), കാതോലിക്കേറ്റ് മലങ്കരയിൽ പുനഃസ്ഥാപിച്ചതിന്റെ 104-ാംമത് വാർഷികം (സെപ്റ്റംബർ 15), മലയാളികളുടെ സ്നേഹവും ഐക്യവും വിളിച്ചറിയിക്കുന്ന കേരളത്തിന്റെ മാത്രം സ്വന്തം ഓണാഘോഷം ഇവയെല്ലാം ഈ മാസത്തിന്റെ പ്രത്യേകതകളാണ്.

പരി. സഭ കാനോനികമായി അംഗീകരിച്ചില്ല എങ്കിൽപോലും വിശ്വാസികളിൽ ഭൂരിഭാഗവും അനുഷ്ഠിക്കുന്ന നോമ്പാണ് 8 നോമ്പ്. ഏതു സമയത്തും പരിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥത നമ്മുക്ക് അനുഗ്രഹമാണ്. എന്നാൽ ഇങ്ങനെയുള്ള വിശേഷാവസരങ്ങളിൽ അത് കൂടുതൽ അനുഗ്രഹമാണ് എന്നുള്ളതിൽ ഒരു തർക്കവുമില്ല. ആ വിശ്വാസമാണ് നമ്മുടെ ധൈര്യം. നമ്മുടെ നോമ്പും പ്രാർത്ഥനയും ഉപവാസവും നേർച്ച കാഴ്ച്ചകളും ദൈവം തമ്പുരാൻ കൈക്കൊണ്ട് മാതാവിന്റെ മദ്ധ്യസ്ഥതയാൽ നമ്മെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

മറ്റൊരു പ്രധാന പെരുന്നാളാണ് സ്ലീബാ പെരുന്നാൾ. സ്ലീബാ അല്ലെങ്കിൽ കുരിശ് നാം ധരിക്കുന്നതിലൂടെ ക്രിസ്തുവിനെയാണ് നാം ധരിക്കുന്നത്. കുരിശ് നമ്മുക്ക് വെറും ഒരു ആഭരണമല്ല മറിച്ച് നമ്മുടെ രക്ഷയാണ്. നമ്മുടെ വിജയമാണ്, സാത്താനെ തോൽപ്പിക്കുവാനുള്ള ആയുധമാണ്, മരണത്തിനപ്പുറം നിത്യജീവനാണ്, നമ്മുടെ വിജയകൊടിയാണ്, എല്ലാത്തിനു മപ്പുറം സ്നേഹമാണ്. ഈ സ്ലീബാ നമ്മുക്ക് കാവലും കോട്ടയും രക്ഷയും ആകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സഭ അതും ഒരു അമ്മയാണ്. പരിശുദ്ധ മാമോദീസാ എന്ന കൂദാശയിലൂടെ നാം ഒരു ദൈവപൈതലായി ജനിക്കുന്നു. അതായത് സഭയുടെ ഗർഭപാത്രമായ മാമോദീസാ തൊട്ടിയിലൂടെയുള്ള വീണ്ടും ജനനം. ഈ സഭയെ പരിരക്ഷിക്കേണ്ടത് സഭാ മക്കളാകുന്ന നമ്മുടെ ഓരോരുത്തരുടേയും ഉത്തരവാദിത്വമാണ്. കാതോലിക്കേറ്റ് മലങ്കരയിൽ പുനഃസ്ഥാപിച്ചതിന്റെ വാർഷികം ഈ മാസം കൊണ്ടാടുന്നു. നമ്മുടെ സഭയ്ക്ക് വേണ്ടിയും ഇടവകയ്ക്ക് വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുക.

ഓണം എന്നു കേൾക്കുമ്പോൾ ആദ്യം നമ്മുടെ മനസ്സിലേക്ക് കടന്നുവരുന്നത് മാവേലിയാണ്. മനുഷ്യരെല്ലാം ഒന്നായി ജീവിക്കുന്ന അനുഭവം. നമ്മുടെ ഇടവകയുടെ ഈ വർഷത്തെ ഓണാഘോഷം സ്നേഹത്തിന്റെയും ഐക്യത്തിന്റെയും സാഹോദര്യത്തിന്റേയും ഒരു പ്രതീകമായി തീരട്ടെയെന്ന് ആശംസിക്കുന്നു.

മദ്ധ്യവേനൽ അവധിയ്ക്ക് ശേഷം വിദ്യാലയങ്ങൾ സജീവമായി പ്രവർത്തനം ആരംഭിക്കുകയാണല്ലോ. ഇനിയും കുഞ്ഞുങ്ങൾ കളിയൊക്കെ മാററി കാര്യത്തിലേക്ക് കടക്കുവാൻ ശ്രദ്ധിക്കണം. ദൈവത്തെ മുന്നിൽ നിർത്തി കുഞ്ഞുങ്ങൾക്ക് പഠിക്കുവാൻ സൺഡേസ്കൂളും തുറക്കുകയാണ്. മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധ കാണിച്ച് മക്കളെ സൺഡേസ്കൂളിൽ അയക്കണമേ.

എല്ലാവർക്കും എല്ലാ പെരുന്നാൾ ആശംസകളും അതോടൊപ്പം ഓണത്തിന്റെ ആശംസകളും അറിയിച്ചുകൊണ്ട് നിർത്തുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

നിങ്ങളുടെ സഞ്ജു അച്ചൻ (90998001)

## Prayer Meeting Schedule for Sept. -2016

**Prayer Group General Co-oridnator : Mr. Mathews Oommen - 69950722**

| | | | Flr. | Flat | |
|---|---|---|---|---|---|
| **St. Gregorios Prayer (Abbasiya) Secretary : Mr. Binu Varghese - 66764194 / 65837243 (Time : 5:00 pm)** | | | | | |
| 02-09 | Mr. Minu Varghese | Nr Address Shop, Opp. Revathi Tailors | 04 | 08 | 50104545 |
| 09-09 | Mr. Jinu M Joy | Address Shop Bldg. | 06 | 35 | 99271947 |
| 16-09 | Mr. Riju Oommen | Old Jack & Gill Bldg., Near Apsara | GR | 07 | 51515310 |
| 23-09 | Mr. Binu P Thomas | Opp. Malabar Rest. / Unique Store | 02 | 12 | 99169720 |
| **St. Basil Prayer (Abbasiya) Secretary : Mr. Alex P. George - 97435242 (Time : 5:00 pm)** | | | | | |
| 02-09 | Mr. Ben P Koshy | Opp. Euro Asia Travels | 05 | 19 | 66385942 |
| 09-09 | Mr. Saju Thomas Stephen | Civilized Store Bldg. | 02 | 05 | 67611674 |
| **St. Dionysius Prayer (Abbasiya) Secretary : Anil C. Joy - 55081701, Mr. Robin Abraham - 65087056 (Time : 5:30 pm)** | | | | | |
| 02-09 | Mr. Litty M. Toms | Opp. Holy Sweets Rest. | 04 | 17 | 97220836 |
| 16-09 | Mr. Binoy K Johny | Near Teenage Fashion | 03 | 09 | 67077130 |
| **St. George Prayer (Abbasiya) Secretary : Mr. Geevarghese Cherian - 66045301, Mr. Ebin Baby 51077786 (Time - 5:30 pm)** | | | | | |
| 02-09 | Mr. Santhosh Jacob | Golden Super Market | 03 | 10 | 60007549 |
| 16-09 | Mr. Libu K Varghese | Gulf Dream Super Market | 05 | 20 | 99640342 |
| 23-09 | Mr. Liju Varghese | Opp. Integrated School | 06 | 43 | 60392361 |
| **St. Mary's Prayer (Reggae) Secretary : Mr. Babukutty K Mathew - 50322192 (Time : 6:00 pm)** | | | | | |
| 09-09 | Mr. Shynu Philip | Behind Della Super Store, Bldg.9, Old Reggae | 04 | 15 | 69636775 |
| 23-09 | Mr. Nicks Koshy Mathew | Behind Oxygen Gym. Opp. Saloon bldg, N Reggae | 03 | 13 | 65618949 |
| **St. John's Prayer (Hawally, Salmiya, Abuhalifa) Secretary : Mr. Shibu Abraham - 51077900 (Time : 6: 30 pm)** | | | | | |
| 16-09 | Mr. Sooraj Varghese K | Avittam Hotel, Bldg. 106, Mangaf | 04 | 28 | 55836968 |
| **St. Thomas Prayer (Farwaniya, Khaitan) Secretary : Mr. Cherian V.T. - 99285095 (Time : 6: 30 pm)** | | | | | |
| 09-09 | Mr. Mintu Samuel | Block1, St. 90, Bldg. 177, Near Finger Print | 09 | 44 | 69615890 |

**Transportation Facility** : To & from transporation facility is available to all who attend the Holy Qurbana of SSIOC at ACE Hall, Abbasiya. - *Contact Details : Gen. Coordinator* - Mr. Alexander Y.S : 99269450 Mr. Cherian V.T. (Farwaniya, Khaitan & Reggae) : 99285095, Mr. Joby Chacko. (Hawally & Salmiya) : 99503968

**Parish Trustee : Mr. V.Y. Thomas. : 97924739, Parish Secretary : Mr. Jinu Thomas : 60639003**

**Holy Qurbana** at ACE Hall (Subway Rest. Bldg.) Abbasiya

**Morning Service** - Every Fridays at at 06:30 AM to 09:15AM)

**Evening Service** - Every Sundays at 06:30 PM to 08:30 PM)

**N.E.C.K. Service** - On 2nd Saturday (10.09.) at 07:00 AM to 09:00 AM

**Sleeba Perunnal (Sept. 14)**

In September we are at the 'Sleeba Perunnal', the feast of Exaltation of the Holy Cross, the instrument of salvation, on the 14th. This feast marks the discovery of the Holy Cross on which our Lord was crucified. In Greek and Latin this feast is called the 'Exaltation of the Holy Cross of our Lord'. All Oriental Orthodox Christians, observe this festival with utmost devotion, although the Ethiopians celebrate this feast on Meskel (the Holy Cross) day as per their Julian calendar tradition.

Queen Helene, Mother of Roman Emperor Constantine, was the one, who ventured a pilgrimage to Palestine to discover the Holy Cross in the year c.326-328, though she was nearly eighty years of age at that time. She was able to find the Holy Cross and the 'Church of the Holy Sepulcher' was built, where the Holy Cross of our Lord was found out. Tradition says that a dead person was made to touch the three crosses that were found in a pit down the outskirts of Jerusalem and at the touch of the real and holy Cross of our Lord the dead person came back to life. We get a notion of this legend in the song 'സ്ലീബായെ വന്ദിപ്പാനായി ഹേലനി രാജ്ഞി ....." as well.

Holy Cross is the means of salvation that drives away all evil spirits because the Lord carried it upon His shoulders to Mount Calvary during His ultimate fight with evil. There beyond He ornamented it with His very own human body. Holy Cross is the symbol of peace and the flag of victory. It is in the Holy Cross that our glory confides. It is the fortress for all, who take their refuge in, including churches and monasteries. That is why we all ornament ourselves with a Holy Cross, mostly gold though!

Let us sing once again with optimistic and positive trust in the symbol of peace, the Holy Cross that

**സ്ലീബാവെന്നു വെല്ലുന്നു**
**സ്ലീബാ വിദ്വേഷിയെവെന്നു**
**സ്ലീബായെ സാക്ഷിച്ചോർക്കായി**
**സ്ലീബായാകട്ടെ കോട്ട**

**ഓണാഘോഷം**

കള്ളവും ചതിവും ഇല്ലാത്ത ഒരു കാലം. പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ, കറുത്തവനെന്നോ, വെളുത്തവനെന്നോ, മുതലാളിയെന്നോ തൊഴിലാളിയെന്നോ, വലിയവനെന്നോ ചെറിയവനെന്നോ വ്യത്യാസം കൂടാതെ മനുഷ്യരെല്ലാം ഒന്നായി ജീവിച്ച കാലം ഇന്ന് നമ്മുക്ക് ഈ ലോകത്തിൽ സ്വപ്നം കാണുവാൻ പോലും പ്രയാസം. എന്നാൽ വിശുദ്ധനായ പൗലോസ്ശ്ലീഹ ഗലാത്യ ലേഖനത്തിൽ പറയുന്നു ക്രിസ്തുവിനെ ധരിക്കുന്നവർ ഒന്നത്രേ. ഗലാ. 3:28 യഹൂദനും യവനനും എന്നില്ല; ദാസനും സ്വതന്ത്രനും എന്നില്ല; ആണും പെണ്ണും എന്നുമില്ല എല്ലാവരും ക്രിസ്തു യേശുവിൽ ഒന്നത്രേ. ഓണം ഒരു ഐതീഹ്യ കഥയാണെങ്കിലും ഈ ലോകത്തിൽ സംഭവിക്കുവാൻ പ്രയാസമാണെങ്കിലും ക്രിസ്ത്യാനികളായ നമ്മുക്ക് ഇത് പ്രാപ്യമാണ്. അതിനു വേണ്ടിയുള്ള ഒരുക്കമാണ് നാം ഇവിടെ ചെയ്യേണ്ടത്. മനുഷ്യരുടെ പടലപിണക്കങ്ങൾ മാററി, വാശിയും വൈരാഗ്യവും അകററി പരസ്പരം ക്ഷമിക്കുവാനും സ്നേഹിക്കുവാനും സഹായിക്കുവാനും കഴിയുന്നു എങ്കിൽ മാത്രമേ ഈ ആഘോഷങ്ങൾ പ്രയോജനപ്പെടുകയുള്ളൂ. അതുകൊണ്ട് നമ്മുടെ ഐക്യവും സ്നേഹവും ഒരിക്കൽ കൂടി തെളിയിക്കുവാനുള്ള ഒരവസരമായി ഈ വർഷത്തെ ഓണാഘോഷം ആക്കി തീർക്കാം. അതിനുവേണ്ടി നമ്മുക്ക് പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. എല്ലാവർക്കും ഒരിക്കൽക്കൂടി നന്മയുടെയും സന്തോഷത്തിന്റെയും ഐക്യത്തിന്റേതുമായ ഓണാശംസകൾ നേരുന്നു.



**Special Service -** 14th Sept., - Sleeba Perunnal
((Holy Qurbana will be on Wednesday, 14th Sept., at 6:30 PM, Venue – ACE Hall, Abbasiya)

**End of 8 Days Lent, - Nativity of St. Mary.**
(Holy Qurbana will be on Wednesday, 07th Sept., at 6:30 PM, Venue – ACE Hall, Abbasiya)

**Evening Prayer & Intercessory Prayer :** Every Wednesdays at 07:00 PM at ACE hall.

**Sunday School :** Will re-open on Sept. 8th Thursday after Summer holidays.

**Martha Mariam Vanitha Samajam :** 3rd Saturday (17.09.) at the residence of Mrs. Mercy Biju George (Abbasiya) at 05:00 PM, 4th Friday (23.09.) at ACE Hall after H. Qurbana.

**St. Stephen's Youth Movement:** 1st Friday (02.09) after H. Qurbana & 4th Wednesday (28.09) at ACE Hall 07:00 PM

**Birthdays & Marriage Anniversaries :** Vicar and the members of the Church wish many many happy returns of the blessed occasion to all those who are having Birthdays and Marriage Anniversaries during this month.

**New Members :** We welcome the new members to our Church whole heartedly.

| | | |
|---|---|---|
| 1. | Mr. Joji Raju | St. Dionysius Prayer Group |
| 2. | Mr. Varghese John | St. Dionysius Prayer Group |
| 3. | Mr. Bijo Daniel | St. Gregorios Prayer Group |
| 4. | Ms. Niyathi John | St. Johns Prayer Group |

***Condolences :***

We express our deep condolences to the family of Late. Mathew Philip (Saji) a well wisher of our Church and the member of St. Gregorios Maha Edavaka on his sudden demise on 16th August. We pray for the departed soul and may God strengthen the family members of the bereaved family.

1912ൽ കാതോലിക്കേററ് മലങ്കരയിൽ പുന:സ്ഥാപിച്ചതിന്റെ (104) വാർഷികം സെപ്ററംബർ 15ന് കൊണ്ടാടുകയാണല്ലോ. മലങ്കര സഭയെ ഇന്നയോളം കാത്തു പരിപാലിച്ച ദൈവത്തെ സ്തുതിക്കുവാനും ഈ സഭയുടെ ഒരു അരുമ സന്താനമായിരിക്കുന്നതിൽ അഭിമാനിക്കുവാനും നമ്മുക്ക് സാധിക്കണം. അനേകം പീഢകളേയും പ്രതിസന്ധികളേയും അതിജീവിച്ച സഭയാണ് നമ്മുടെ സഭ. അതാത് സമയത്ത് സഭയെ നയിക്കുവാൻ പരി. പിതാക്കന്മാരെ എഴുന്നേൽപ്പിച്ച ദൈവത്തെ മഹത്വപ്പെടുത്തുന്നു. സഭയുടെ അഖണ്ഡതയും വിശ്വാസവും കാത്തു സൂക്ഷിക്കുകയെന്നത് നമ്മുടെ ഉത്തരവാദിത്വമാണ്. അതുപോലെ സഭയുടെ മുമ്പോട്ടുള്ള പ്രവർത്തനങ്ങളെ സഹായിക്കുക എന്ന കടമയും നമ്മിലുണ്ട്. മലങ്കര സുറിയാനി ഓർത്തഡോക്സ് സഭയുടെ പ്രധാന വരുമാനമാർഗ്ഗങ്ങളിൽ ഒന്നാണ് കതോലിക്ക നിധി. കാതോലിക്ക ദിനപ്പിരിവെന്ന് വിളിച്ച് നാം അതിനെ അധിക്ഷേപിക്കുകയും പിച്ചക്കാശുപോലെ എന്തെങ്കിലും കവറിലിട്ട് പള്ളിയിലെത്തിക്കുകയും ചെയ്യുന്ന ഒരു ചടങ്ങായി ചുരുങ്ങിയിരിക്കുന്നു. ഈ ധനം കാതോലിക്കേററിന്റെ നിധിനിക്ഷേപമാണ്. കാതോലിക്കേററിനോടുള്ള വിശ്വാസക്കൂറിന്റെ മാനദണ്ഡം കൂടിയാണിത്. ദേശക്കൂറിന്റെ ഭാഗമായി കപ്പം കൊടുത്തിരുന്ന നാടാണ് കേരളം. മാടമ്പിമാരും പ്രഭുക്കന്മാരും സമാന്തര രാജാക്കന്മാരും തങ്ങളുടെ വരുമാനത്തിന്റെ ഒരു ഭാഗം രാജാവിന് കാഴ്ച്ചവെച്ച് അനുഗ്രഹവും സ്ഥാനമാനങ്ങളും നേടിയിരുന്നുവെന്നത് കേരള ചരിത്രം. അതുകൊണ്ട് കർത്താവിൽ പ്രിയരെ, മാർ തോമാശ്ലീഹായുടെ പൈതൃകം അവകാശപ്പെടുന്ന സഭയുടെ മക്കളെ, ഈ സഭ ക്രിസ്തീയ സാക്ഷ്യത്തിൽ നിലനിൽക്കുവാനും സഭയുടെ പിതാക്കന്മാർ പ്രാർത്ഥനയിലും സാക്ഷ്യത്തിലും സഭയെ നയിക്കുവാനും നമ്മുക്ക് പ്രാർത്ഥിക്കാം. അതോടൊപ്പം സഭയുടെ പ്രവർത്തനങ്ങൾക്ക് നല്ല കൈത്താങ്ങായി നമ്മളാൽ കഴിയുന്ന രീതിയിൽ വേണ്ട സാമ്പത്തിക സഹായം ചെയ്ത് നമ്മുടെ ഈ വർഷത്തെ കാതോലിക്ക നിധി വിജയിപ്പിക്കണമെന്ന് സഭയുടെ ഒരു എളിയ ദാസനെന്ന നിലയിൽ ഞാൻ അഭ്യർത്ഥിക്കുന്നു.

**എട്ട് നോമ്പാചരണം :** പരിശുദ്ധ ദൈവമാതാവിന്റെ ജനന പെരുന്നാളുമായി ബന്ധപ്പെട്ട എട്ട് നോമ്പാചരണം നമ്മുടെ ഇടവകയിലും വളരെ ഭക്തി പുരസരം കൊണ്ടാടുന്ന സെപ്ററംബർ 7 ബുധനാഴ്ച്ച വൈകിട്ട് 6:30ന് സന്ധ്യാനമസ്കാരവും തുടർന്ന് വിശുദ്ധ കുർബ്ബാനയും മാതാവിനോടുള്ള പ്രത്യേക മദ്ധ്യസ്ഥ പ്രാർത്ഥനയും നേർച്ച ഉണ്ടായിരിക്കുന്നതാണ്. വിശ്വാസികൾ നേർച്ച, കാഴ്ച്ചകളോടുകൂടി പെരുന്നാളിൽ സംബന്ധിക്കണമെന്ന് താൽപര്യപ്പെടുന്നു. പരി. മാതാവിന്റെ മദ്ധ്യസ്ഥത നമ്മുക്ക് കോട്ടയായിരിക്കട്ടെ.

**ഓണാഘോഷം സെപ്ററംബർ 30ന് :** കേരളത്തിന്റെ ദേശീയ ഉത്സവമാ യ ഓണാഘോഷം നമ്മുടെ ഇടവക ഈ വർഷം സെപ്ററംബർ 30ന് അബ്ബാസിയാ അൽഫോൻസാ ഹാളിൽ വച്ച് ആഘോഷിക്കുന്നു. കേരളത്തിന്റെ തനതായ കലാ വിരുന്നുകളും ഓണസദ്യയും ഉണ്ടായിരിക്കുന്നതാണ്. ഓണസദ്യയുടെ foodcoupon-ന്റെ ആദ്യവിൽപ്പന ആഗസ്ത് 12ന് വികാരി ട്രസ്റ്റിക്ക് നൽകി ഉദ്ഘാടനം ചെയ്തു.



**യാത്രയയപ്പ് നൽകി :** Bokoro (Jharkand State) M.G.M. Hr. Sec. School Principal ആയി നിയമിതനായി യാത്രയാകുന്ന Kuwait St. Gregorios Indian Orthodox Maha Edavaka യുടെ സഹവികാരി ബഹുമാനപ്പെട്ട റെജി സി വർഗീസ് അച്ചന് സെന്റ്. സ്റ്റീഫൻസ് ഇടവക യാത്രയയപ്പ് നൽകി. ആഗസ്ത് 19ന് ബഹു. റെജി അച്ചൻ സെന്റ്. സ്റ്റീഫൻസ് ഇടവകയിൽ കുർബ്ബാന അർപ്പിക്കുകയും ഇടവകയുടെ പാരിതോഷികം ബഹു. ട്രസ്റ്റി വി. വൈ. തോമസിൽ നിന്നും ഏററുവാങ്ങുകയും ചെയ്തു. തദവസരത്തിൽ സെന്റ്. സ്റ്റീഫൻസ് ഇടവകയോടു റെജി അച്ചൻ കാണിച്ച എല്ലാ സഹകരണത്തിന് വികാരി സഞ്ചു അച്ചൻ നന്ദി പ്രകാശിപ്പിച്ചു. റെജി അച്ചൻ തന്റെ പ്രസംഗമദ്ധ്യേ കഴിഞ്ഞ മൂന്നു വർഷക്കാലത്തെ സെന്റ്. സ്റ്റീഫൻസ് ഇടവകയുടെ പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയും തനിക്ക് ചെയ്ത എല്ലാ സഹായങ്ങൾക്ക് പ്രത്യേക നന്ദിയും അറിയിച്ചു.